# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ് . എ_പികഡി20/611/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ് . എ_പികഡി20/611/2022 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-11-2020 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്.പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
കെ.സി.ഹരിഗോബിന്ദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സി.എസ്.അനില, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഐ.കന്തസ്വാമി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രജിഷ.എം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| ശ്രീ.ബാലചന്ദ്രൻ.വി.വി | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ. സൈജി.പി.ആന്റണി | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി.സപ്ന.കെ.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 09-06-2020 |
| ശ്രീമതി.ദീപ.എം.കെ | സെക്രട്ടറി | 10-06-2020 | 27-12-2020 |
| ശ്രീ.ടി.ആർ.ഷാജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 18-01-2021 |
| ശ്രീമതി.ദീപ.എം.കെ | സെക്രട്ടറി | 19-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനു.പി.പ്രഭ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഷബ്ന.ടി.എച്ച് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.പവിത്രൻ.കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.കാർത്തിക | വെറ്ററിനറി സർജൻ | 18-09-2020 | 31-03-2021 |
| ശ്രീ.രൺദീപ്.കെ.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അമൽരാജ്.ടി.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലീലാവതി.സി.കെ | ഹെഡ്മിസ്ട്രസ് | 01-04-2020 | 21-06-2020 |
| ശ്രീമതി.സാലിക്കുട്ടി | ഹെഡ്മിസ്ട്രസ് | 30-10-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ.കെ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രഭ.എ.എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സപ്ന.കെ.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ.ഷാജ്.ടി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ഡോ.ജ്യോതിഷ് കുമാർ.പി | വെറ്ററിനറി സർജൻ | 01-04-2020 | 17-09-2020 |

| | | | |
|---|---|---|---|
| ഒഴിവ് | ഹെഡ്മിസ്ട്രസ് | 22-06-2020 | 29-10-2020 |

13.12.2021മുതൽ 28.12.2021വരെയുള്ള കാലയളവിൽ 2019-20വർഷത്തെ ഓഡിറ്റ് കൂടി പൂർത്തീകരിച്ചിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: Kanthaswami.I (Auditor, On 28-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: Kanthaswami.I (Auditor, On 28-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-11-1 |
| 14 | ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 01-07-2022) | 1-12 |
| 15 | അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 1-13 |
| 16 | കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-13-1 |
| 17 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ | 1-14 |

| | | |
|---|---|---|
| | വസ്തുനികുതി ഇനത്തിൽ നഷ്ടം<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | |
| 18 | വസ്തുനികുതി നിർണ്ണയിച്ചത് പരിശോധിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 01-07-2022) | 1-14-1 |
| 19 | ഷോപ്പിംങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് -ബൈലോ തയ്യാറാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 04-01-2022) | 1-15 |
| 20 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 04-01-2022) | 1-15-1 |
| 21 | വാടക നിക്ഷേപം(Rent Deposit) ഈടാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 04-01-2022) | 1-15-2 |
| 22 | കുത്തകക്കാരുമായി കൃത്യമായ വ്യവസ്ഥകളുള്ള കരാർ ചമച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 04-01-2022) | 1-15-3 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-16 |
| 24 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്- മതിയായ തുക വകയിരുത്തേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-17 |
| 25 | പദ്ധതി പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 28-12-2021)<br>Last Updated By: S. Premanand (Audit Officer, On 01-07-2022) | 1-17-1 |
| 26 | റസിഡൻഷ്യൽ ഹോം സ്റ്റേ വിഭാഗത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 04-01-2022)<br>Last Updated By: Kanthaswami.I (Auditor, On 04-01-2022) | 1-18 |
| 27 | കമ്പ്യൂട്ടറും, അനുബന്ധ സൗകര്യങ്ങളും<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-19 |
| 28 | ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതണ്<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-20 |
| 29 | മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-21 |
| 30 | ഗ്രോ ബാഗുകൾ വാങ്ങൽ- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-22 |
| 31 | വികസനഫണ്ട് -ജനറലിൽ നിന്നുമുള്ള അധിക ചെലവ്<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-23(1) |
| 32 | വികസനഫണ്ട് -എസ് സി പി യിൽ നിന്നുമുള്ള അധിക ചെലവ്<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-23(2) |

| | | |
|---|---|---|
| 33 | വിവാഹ ധനസഹായം - അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-24 |
| 34 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-25 |
| 35 | ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-26 |
| 36 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-27 |
| 37 | ലൈഫ് ഭവനം- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 06-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 1-28 |
| 38 | കെ.എസ്.ഇ.ബി.ൽ നിന്നും ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-29 |
| 39 | ജല അതോറിറ്റിയിൽ നിന്നും ധനവിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-30 |
| 40 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-31 |
| 41 | സാമൂഹ്യ സുരക്ഷാ പെൻഷൻ.<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 1-32 |
| 42 | കുടിവെള്ള പദ്ധതികളുടെ പരിപാലനം.<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-33 |
| 43 | തെരുവ് വിളക്കുകളുടെ പരിപാലനം<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-34 |
| 44 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി.<br>Written By: K.C.Harigobind (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-35 |
| 45 | കരാർ ഒപ്പുവെക്കാൻ കാലതാമസം നേരിട്ടിട്ടും പിഴ ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 07-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 1-36 |
| 46 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 08-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-37 |
| 47 | അസിസ്റ്റന്റ് എഞ്ചിനീയർ പാർട്ട് ബിൽ നൽകിയ പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തത്<br>Written By: S. Premanand (Audit Officer, On 14-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-38 |
| 48 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 02-07-2022) | 1-39 |

| | | |
|---|---|---|
| | Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | |
| 49 | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് പ്രൊജക്ടുകൾ നടപ്പാക്കാത്തത്<br>Written By: S. Premanand (Audit Officer, On 14-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-40 |
| 50 | കുടുംബശ്രീ അക്കൗണ്ടിൽ ശേഷിക്കുന്ന വികസനഫണ്ട് തിരിച്ചടക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 13-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗ്രോ ബാഗ് വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 3-1 |
| 2 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 02-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 18-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 03-03-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: S. Premanand (Audit Officer, On 04-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: C.S.Anila (Senior Grade Auditor, On 13-01-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 13-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: S. Premanand (Audit Officer, On 04-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Anila (Senior Grade Auditor, On 13-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 04-03-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Anila (Senior Grade Auditor, On 13-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 19-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകൾ - സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

27-03-2020 -ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് ഭരണ സമിതിയുടെ 19.02.2021 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,80,62,027/- |
| തൻവർഷം വരവ് | 21,27,24,206/- |
| ആകെ വരവ് | 23,07,86,233/- |
| ചെലവ് | 22,80,81,421/- |
| നീക്കിയിരിപ്പ് | 27,04,812/- |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 27-05-2021 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2020-21 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ബിൽഡിംഗ് റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2020-21 വർഷത്തെ തൊഴിൽനികുതി കുടിശ്ശിക ഒന്നും ഇല്ല. എന്നാൽ വാർഷിക ധനകാര്യപത്രിക B-15പ്രകാരം തൊഴിൽനികുതി (Institutions) കുടിശ്ശിക 19,560/- ഉണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശികതുകയുടെ വിശദവിവരങ്ങൾ ലഭ്യമല്ല.

4. ഡെപ്പോസിറ്റ് വർക്സ് രജിസ്റ്റർ പ്രകാരം KSEB, KWA എന്നിവയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത്

ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ളതായി കാണുന്നു.

6. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32708890.09 |
| വരവ് | 103667161 |
| ആകെ | 136376051.09 |
| ചെലവ് | 107714471 |
| നീക്കിയിരിപ്പ് | 28661580.09 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12178613 | 12178613 | 11193424 | 985189 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12732509 | 12732509 | 11152559 | 1579950 |
| മെയിന്റനൻസ്, റോഡ് | | 32605000 | 32605000 | 32597019 | 7981 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3719989 | 3719989 | 3114454 | 605535 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | | 9620024 | 9620024 | 6580119 | 3039905 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 5110000 | 5110000 | 306476 | 4803524 |
| ജനറൽ പർപസ് ഫണ്ട് | 0 | 13119852 | 13119852 | 13119852 | 0 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2020-21)

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 374/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന (ജനറൽ) | 394200 | Plan (Gl) |
| 2 | 375/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന (ജനറൽ) | 394200 | Plan (Gl) |
| 3 | 376/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന (ജനറൽ) | 394200 | Plan (Gl) |
| 4 | 377/21: ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) | 439098 | Plan (Gl) |
| 5 | 378/21: ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) | 439098 | Plan (Gl) |

| | | | |
|---|---|---|---|
| | വികസന ഫണ്ട് (ജനറൽ) ആകെ | 2060796 | |
| 6 | 379/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (SCP) | 373745 | Plan (SCP) |
| 7 | 380/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (SCP) | 373745 | Plan (SCP) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 747490 | |

പൊരുത്തപ്പെടുത്തൽ :

| | | | |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 12178613 | 2060796 | 14239409 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 11193424 | 2060796 | 13254220 |
| വികസന ഫണ്ട് – (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 12732509 | 747490 | 13479999 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 11152559 | 747490 | 11900049 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| NREGS | Admin | 0 | 1227712 | 1227712 | 1227712 | 0 |
| | EFMS | 0 | 26164238 | 26164238 | 26164238 | 0 |
| | ആകെ | 0 | 27391950 | 27391950 | 27391950 | 0 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 1543910 | 787,426 | 2331336 | 821230 | 1510106 |
| ശുചിത്വ മിഷൻ | 25000 | 0 | 25000 | 0 | 25000 |
| പ്രത്യേക ഗ്രാന്റ് | 32494 | 893 | 33387 | 0 | 33387 |

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 741108 | 2,403,463 | 3144571 | 465660 | 2678911 |
| TSC പ്രത്യേക ഗ്രാന്റ് | 675000 | 0 | 675000 | 0 | 675000 |
| വിമുക്തി | 47945 | 1,420,487 | 1468432 | 1,420,487 | 47945 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 322 | 160532001 | 232 | 85456235 | 0 | 90 | 72.05 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10909513 | 10 | 8376013 | 76.78 |
| വെറ്റിനറി സർജൻ | 5 | 1903700 | 4 | 290417 | 15.26 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 9 | 2480000 | 7 | 1783780 | 71.93 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 600000 | 2 | 600000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1230000 | 0 | 0 | 0 |
| വി.ഇ.ഒ | 18 | 47861940 | 10 | 14680472 | 30.67 |
| ICDS സൂപ്പർവൈസർ | 7 | 4671000 | 5 | 3998000 | 85.59 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 400000 | 1 | 400000 | 100 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 31 | 16827328 | 22 | 6687471 | 39.74 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 221 | 65426165 | 162 | 43448021 | 66.41 |
| ഹെഡ് മാസ്റ്റർ | 6 | 591355 | 1 | 71506 | 12.09 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7631000 | 8 | 5120555 | 67.1 |
| | 322 | 160532001 | 232 | 85456235 | 53.23 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്ടുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്ടുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2020-21ൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കടുക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ബാക്കിയായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 985189 |
| വികസന ഫണ്ട്-എസ്.സി.പി | 1579950 |
| മെയിന്റനൻസ്, റോഡ് | 7981 |
| മെയിന്റനൻസ്, നോൺ-റോഡ് | 605535 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 3039905 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 4803524 |

സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ

വികസനം ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും കൂട്ടായ ശ്രമം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1227712 | 1227712 | 1227712 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26164238 | 26164238 | 26164238 | 0 |
| ആകെ | 0 | 27391950 | 27391950 | 27391950 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

2020-2021 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | Nil | Nil |
| കർഷക തൊഴിലാളി പെൻഷൻ | 5037500 | 3606 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,90,000 | 13 |
| വർദ്ധക്യകാല പെൻഷൻ | 37390800 | 27068 |
| വികലാംഗ പെൻഷൻ | 5498400 | 2154 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹികൾക്കുള്ള പെൻഷൻ | 2467000 | 1748 |
| വിധവ പെൻഷൻ | 19440200 | 14053 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹19748/- (പത്തൊൻപതിനായിരത്തി എഴുന്നൂറ്റി നാല്പത്തിഎട്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കുകയും എല്ലാ രജിസ്റ്ററുകളും കാലികമാക്കി സാക്ഷ്യപ്പെടുത്തുകയും വേണം.

സ്റ്റാന്റിങ് കമ്മറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് കമ്മറ്റി കൂടുന്നതിന്റെ മിനുട്സ് സകർമ്മയിൽ ചേർക്കുന്നുണ്ട്.

കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോഴും വ്യാപാരങ്ങൾക്കും സംരഭക ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. നികുതികൾ ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാവണം.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായി വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം. ഇതിനായി പദ്ധതി രൂപീകരണം മുതൽ സമയക്രമം പാലിക്കേണ്ടതുണ്ട്. പദ്ധതി മാർഗരേഖയിലും ഗ്രാമ പഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി

സർക്കാർ അംഗീകരിച്ച മാർഗരേഖയിലും പറഞ്ഞിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ടുള്ള നടപടികൾ വരും വർഷങ്ങളിൽ ഉണ്ടാവണം.

പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിലും നിർവ്വഹിക്കുന്നതിലും പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ഉത്പാദന മേഖലയിൽ അർഹതപ്പെട്ട സബ്സിഡി ലഭിക്കുന്ന രീതിയിൽ പദ്ധതി വിഹിതം വകയിരുത്തേണ്ടതാണ്. സബ്സിഡി അനുവദിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. രേഖകൾ സൂക്ഷിക്കുന്നതിലും പരിശോധയ്ക്ക് ഹാജരാക്കുന്നതിലും കാര്യക്ഷമത കാണിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ സാധന സാമഗ്രികൾ സമാഹരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പ്രൊജക്ടുകളിൽ സമാഹരിച്ച മുഴുവൻ സാധനങ്ങളുടെയും വിതരണം നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റിയും ഉറപ്പാക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കണം.

വാങ്ങലുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ നിർബന്ധമായും പാലിക്കണം. നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായതും കരാറിനനുസൃതമായതുമായ പൂർത്തീകരണം ഉറപ്പാക്കണം.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകളും പാലിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.21 & 20.11.21 | സെപ്റ്റമ്പർ & ഒക്ടോബർ 2021 | 20.11.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2016 To 7.1.17 | 2011-12 To 2015-16 | 17.02.2017 2 Para |
| | 6.1.2017 | 2014-15 സപ്ലിമെന്ററി ഓഡിറ്റ് | 9.2.2017 2 Para |

അക്കൗണ്ടന്റ് ജനറലിന്റെ 2014-15 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടിലും 2011-12 To 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും 2 ഖണ്ഡികകൾ വീതം തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഈ ഖണ്ഡികകൾ തീർപ്പാക്കുന്നതിലേക്ക് മറുപടി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം |
|---|---|---|

| | | |
|---|---|---|
| 1 | ICDS, തൃത്താല | $2^{nd}$ Half |
| 2 | ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി | $2^{nd}$ Half |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 1st Half |
| 4 | ജി.എൽ.പി.എസ് കോതച്ചിറ | $1^{st}$ & $2^{nd}$ Half |

കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്.

1-11-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം |
|---|---|---|
| 1 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | $2^{nd}$ Half |
| 2 | ബാങ്ക് ഓഫ് ബറോഡ | $1^{st}$ & $2^{nd}$ Half |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | $1^{st}$ & $2^{nd}$ Half |
| 4 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്,കൂറ്റനാട് | $1^{st}$ & $2^{nd}$ Half |
| 5 | കേരള ഗ്രാമീൺ ബാങ്ക്, കൂറ്റനാട് | $1^{st}$ & $2^{nd}$ Half |
| 6 | നാഗലശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | $2^{nd}$ Half |
| 7 | ഫെഡറൽ ബാങ്ക് | $1^{st}$ & $2^{nd}$ Half |
| 8 | കേരള സ്റ്റേററ് കോ-ഓപ്പറേറ്റീവ് ബാങ്ക് | $1^{st}$ & $2^{nd}$ Half |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് | $1^{st}$ & $2^{nd}$ Half |
| 10 | സൗത്ത് ഇൻഡ്യൻ ബാങ്ക് | $1^{st}$ & $2^{nd}$ Half |
| 11 | പട്ടാമ്പി PCARD ബാങ്ക് | $1^{st}$ & $2^{nd}$ Half |
| 12 | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരിങ്ങോട് | $1^{st}$ & $2^{nd}$ Half |
| 13 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് | $1^{st}$ & $2^{nd}$ Half |
| 14 | കേരള ഗ്രാമീൺ ബാങ്ക്, പെരിങ്ങോട് | $1^{st}$ & $2^{nd}$ Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/28.12.2021 ന് മറുപടി ലഭ്യമായിട്ടില്ല

1-12 ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ്

ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുമുണ്ട്. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്ന ഉയർന്ന ഫീസ്/ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത് താഴെ പറയുന്ന നിരക്കിലാണ്.

1.സൂക്ഷ്മസംരംഭങ്ങൾ ( Micro Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും) 500/-ക.

2.ലഘു സംരംഭങ്ങൾ (Mini Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും അമ്പതു ലക്ഷം രൂപയിൽ കവിയാത്തതും) 1000/-ക.

3.ചെറു സംരംഭങ്ങൾ (Small Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ അമ്പതു ലക്ഷം രൂപയിൽകവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും) 5000/-ക.

4.ഇടത്തരംസംരംഭങ്ങൾ (Medium Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടിരൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽകവിയാത്തതും) 10000/-ക.

5.വലിയ സംരംഭങ്ങൾ (Large Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽകവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും 15000/-ക.

പുതുക്കിയ ചട്ടപ്രകാരം മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും ഫീസ് ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 9 കെട്ടിടങ്ങളാണ് ഉള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന അനധികൃതകെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

| ക്രമനം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | സുമിത്ര | UA2/1 | 60 M2 |
| 2 | ശാരദ | UA2/3 | 47m2 |
| 3 | മുല്ലൻ | UA2/3 | 57m2 |
| 4 | അശോകൻ | UA2/4 | 22m2 |
| 5 | അനിൽകുമാർ | UA4/1 | 12.15m2 |
| 6 | രാമദാസൻ | 4/427A | 38m2 |
| 7 | മൃദുല | 7/286A | 54.87m2 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ മേൽകെട്ടിടങ്ങൾക്ക് യു.എ നമ്പർ

അനുവദിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഈടാക്കിയിട്ടില്ല.

1-13-1 കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 9 കെട്ടിടങ്ങളാണ് ഉള്ളത്. ഇവയ്ക്കെതിരെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നിവ സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല.

1-14 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിൻമൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് (ഒരു ച.മീറ്ററിന്)

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 40 രൂപ.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണ് - 60 രൂപ

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട ത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|---|
| 1 | 1/636A | ശശികുമാർ ,കള്ളിയത്ത്ഹൗസ് ,കുറ്റനാട് | 101.8 | 101.8*40= 4072<br>ഇളവ്- ഇല്ല<br>വർദ്ധനവ്- ഇല്ല<br>LC- 204<br>Total- 4276 | 101.8*60= 6108<br>ഇളവ്- ഇല്ല<br>വർദ്ധനവ്- ഇല്ല<br>LC 306<br>Total- 6414 | 2138 (2018 Second Half മുതൽ) |
| 2 | 1/858 | സഫിയ, Mammasrayillathu,Njangattiry | 167 | 167*40 = 6680<br>ഇളവ്- 1336<br>വർദ്ധനവ്- 1336 | 167*60 = 10020<br>ഇളവ്- 2004<br>വർദ്ധനവ്- 2004<br>BT- 10020<br>LC- 501 | 4105 (2013 First Half മുതൽ) |

| | | | | | | |
|---|---|---|---|---|---|---|
| | | | | BT- 6110<br>LC- 306<br>Total- 6416 | Total- 10521 | |

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

27.04.2015-ലെ സ.ഉ(എം.എസ്)നം.144/2015/തസ്വഭവ പ്രകാരം വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. നികുതി വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും വസ്തുതാപരമായ പിഴവ് ഉടരുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച മീ) |
|---|---|---|---|
| 1 | 1/858 | പി കെ അനീഷ്, ഗോൾഡൻ ഹോട്ടൽ, കുറ്റനാട് | 170.84 |
| 2 | 1/476 | അബ്ദുൾഅസീസ്, മൂസ്ലിം വീട്ടിൽകുറ്റിക്കാട്,ചാല്പുറം,തെക്കേ വാവന്നൂർ, | 128 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/23.12.2021 ന് മറുപടി ലഭ്യമായിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

1-14-1 വസ്തുനികുതി നിർണ്ണയിച്ചത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ 780 ച.മീറ്റർ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് കെട്ടിടത്തിന് 200 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് (ഒരു ച.മീറ്ററിന്)

വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ - 40 രൂപ.

വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ - 80 രൂപ

വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | അബ്ദുൾ സലാം (തെക്കേ വളപ്പിൽ,കുറ്റനാട്) | 1/617 K (താഴത്തെ നില) | 195 (ച.മീ) | 195*40= 7800 |
| 2 | ‘ | 1/617 L (താഴത്തെ നില) | 195 (ച.മീ) | 195*40= 7800 |
| 3 | ‘ | 1/617 M (ഒന്നാം | 195 (ച.മീ) | 195*40= 7800 |

| | | | | |
|---|---|---|---|---|
| | | നില) | | |
| 4 | ‘ | 1/617 N (ഒന്നാം നില) | 195 (ച.മീ) | 195*40= 7800 |
| ആകെ വിസ്തീർണ്ണം | | | 780 (ച.മീ) | |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4,5 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നാൽകിയിട്ടുണ്ടെങ്കിലോ, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 780 ച.മീറ്റർ വിസ്തീർണ്ണമുള്ളതുമായ ഒരു സൂപ്പർ മാർക്കറ്റ് കെട്ടിടത്തിന് 200 ച.മീറ്ററിന് താഴെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് പരിശോധിക്കേണ്ടതാണ് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/23.12.2021 ന് മറുപടി ലഭ്യമായിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-15 ഷോപ്പിംങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് -ബൈലോ തയ്യാറാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംങ്ങ് കോംപ്ലക്സിൽ പതിമൂന്ന് കട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിലും വാടക ഈടാക്കുന്നതിലും അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുന്നതിലും നിലനിൽക്കുന്ന അപാകതകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

ബൈലോ തയ്യാറാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ് പ്രകാരം ഷോപ്പിംങ്ങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ തയ്യാറാക്കിയിരിക്കേണ്ട വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

### 1-15-1 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഷെരീഫ് കോതച്ചിറ എന്നവർക്ക് വാടകയ്ക്ക് നൽകിയിട്ടുള്ള 1/551 നമ്പർ കടമുറിയുടെ 2019-20, 2020-21 വർഷത്തിൽ വാടക ഒന്നുംതന്നെ ഈടാക്കിയതായി കാണുന്നില്ല. വാടകകുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു

2019-20 - 17016/-

2020-21 - 17868/-

ആകെ കുടിശ്ശിക - 34884/-

2019-20 വർഷത്തിൽ വാടകകുടിശ്ശിക നിലനിൽക്കുമ്പോൾതന്നെ 2020-21 വർഷവും ടിയാന് കടമുറി വാടകയ്ക്കു നൽകിയിട്ടുണ്ട്. ഇത് വാടകകരാറിന്റെ ലംഘനമാണ്. വാടകക്കാരനുമായി ചമച്ച കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-15-2 വാടക നിക്ഷേപം(Rent Deposit) ഈടാക്കിയിട്ടില്ല

വാടകക്കാരിൽ നിന്നും വാടക നിക്ഷേപം (Rent Deposit) ഈടാക്കിയതായി കാണുന്നില്ല. ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ സെക്രട്ടറി, നാഗലശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ( റൂം നം. 1/353

CD) എന്ന സ്ഥാപനം മാത്രമാണ് വാടക നിക്ഷേപം അടവാക്കിയിട്ടുള്ളത്. വാടക നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നത് കുത്തകക്കാർ ഒഴിയുമ്പോഴോ വാടക ഒടുക്കാത്ത സാഹചര്യത്തിലോ അവരുടെ ബാധ്യതകൾ മുതൽക്കൂട്ടുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്ന സാഹചര്യമുണ്ടാകും.

1-15-3 കുത്തകക്കാരുമായി കൃത്യമായ വ്യവസ്ഥകളുള്ള കരാർ ചമച്ചിട്ടില്ല

കുത്തകക്കാരുമായി കരാറുകൾ തയ്യാറാക്കുന്നതിനുള്ള മുദ്രപത്രങ്ങൾ അപൂർണ്ണമായും സാക്ഷ്യപ്പെടുത്താതെയും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. 13കടമുറികൾ 10 പേർക്കായി വാടകയ്ക്ക് നൽകിയതിൽ 3 കരാറുകാരുമായി മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്.

1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

2020-21 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡിപ്പോസിറ്റുകൾ കാണുന്നു. ടി ഡിപ്പോസിറ്റുകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 1 | ഓക്ഷൻ ഡിപ്പോസിറ്റ് | 9936 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 7180 |
| 3 | ബിഡ്ഡേഴ്സ് ഇ എം ഡി | 24250 |
| 4 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18400 |
| 5 | മറ്റ് ഡെപ്പോസിറ്റുകൾ | 27000 |

1-17 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്- മതിയായ തുക വകയിരുത്തേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 43/20-21 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| ഫണ്ടിനം. | വികസന ഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | 3,50,000/- |
| ചെലവ് | 3,50,000/- |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും താഴെ പറയുന്ന അപാകതകൾ കാണുന്നു

ആവശ്യമായ തുക വകയിരുത്തിയിട്ടില്ല

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അവർ അളക്കുന്ന പാലിനാനുപാധികമായി 2020

ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിൽ ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയായ 4,00,000/- രൂപ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ പാലളന്ന ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് മാത്രമാണ് പര്യാപ്തമായിട്ടുള്ളത്. വർഷം മുഴുവനും ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല. കൂടാതെ ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടില്ല. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1-17-1 പദ്ധതി പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

ജി ഒ (എം എസ്) 11/2018/തസ്വഭവ 29.01.2018 ഖ 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്വെയറിൽ തയ്യാറാക്കേണ്ടതാണ്. ഖ. 13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2020-21 വർഷം നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-18 റസിഡൻഷ്യൽ ഹോം സ്റ്റേ വിഭാഗത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന കെട്ടിട വിഭാഗത്തിന് കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയും നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഉചിതമായ നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 'റസിഡൻഷ്യൽ ഹോം സ്റ്റേ' എന്ന വിഭാഗം കെട്ടിടത്തിന്റെ അടിസ്ഥാന നികുതി നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

1-19 കമ്പ്യൂട്ടറും, അനുബന്ധ സൗകര്യങ്ങളും

2020-2021 സാമ്പത്തിക വർഷത്തിൽ കോതച്ചിറ ജി.എൽ.പി,എസ്. സ്കൂൾ എച്ച്.എം. അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം. | SO185/21 |
| പേര് | തുടർ വിദ്യാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ സൗകര്യങ്ങളും. |
| അടങ്കൽ | 1,00,000(റോഡിതര മെയിന്റനൻസ്) |
| ബിൽ നം./തീയതി | ചെലവ് |
| 4/20/04/2020 | 71,506/- |

കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുവാനായി നിർവ്വഹണ ഉദ്യോഗസ്ഥ കേരള ഐ.ടി.മിഷന്റെ 799011400003959 എന്ന അക്കൗണ്ട് നമ്പറിലേക്ക് NEFT മുഖേന തുക കൈമാറിയിട്ടുണ്ട്. നാളിത് വരെ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല.(20.12.2021 ലെ അന്വേഷണ നം.7)

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി

1)കെൽട്രോണിന് സപ്ളൈ ഓർഡർ നൽകിയെങ്കിലും കോവിഡ് പശ്ചാത്തലമായതിനാൽ നാളിത് വരെ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കെൽട്രോണിൽ നിന്നും കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി ലഭ്യമാക്കുവാൻ തുടർ നടപടികൾ ത്വരിതപ്പെടുത്തി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

### 1-20 ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0364/21 |
| പേര് | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ. |
| അടങ്കൽ | 1,15,000/- (തനത് ഫണ്ട്) |

ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുവാനായി സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 59,805/-രൂപ കേരള സ്റ്റേറ്റ് മിഷന്റെ അക്കൗണ്ട് നം.799011400003959 ലേക്ക് NEFT മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഇൻസ്റ്റലേഷൻ റിപ്പോർട്ട് സമർപ്പിക്കുവാൻ 21.12.2021ലെ അന്വേഷണ നം.9 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല.

ഫോട്ടോസ്റ്റാറ്റ് മെഷീന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

### 1-21 മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതി-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ തരിശുഭൂമിയിലെ നെൽകൃഷി പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രൊജക്റ്റ് നം. | അടങ്കൽ | ചെലവ് | ചെക്ക് നം. /തീയതി |
|---|---|---|---|
| 262/21 | 300000 (തനത് ഫണ്ട്) | 300000 (തനത് ഫണ്ട്) | 0733617/ 21.01.2021 |

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (5/17.12.21) നൽകിയതിന് നടീൽ സമയത്തും സീസൺ പകുതിയിലുള്ള സമയത്തും ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെന്നും തരിശുഭൂമിയിലെ ആദ്യ കൃഷിക്കു തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃഷിഭൂമി തരിശാണെന്ന് ഉറപ്പുവരുത്തി മാത്രം ഈ വിഭാഗത്തിലെ ആനുകൂല്യം നൽകേണ്ടതും പദ്ധതി മാർഗരേഖകൾ, സർക്കാർ

ഉത്തരവുകൾ എന്നിവ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-22 ഗ്രോ ബാഗുകൾ വാങ്ങൽ- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ചെക്ക് നം./ബിൽ നം. /തീയതി |
|---|---|---|---|
| 103/21, ഗ്രോബാഗ് വാങ്ങൽ (ജനറൽ) | 402000 (വികസനഫണ്ട് -ജനറൽ) | - | - |
| | 402000(തനത്ഫണ്ട്) | 402000 (തനത് ഫണ്ട്) | ചെക്ക്നം- 0733625/10.02.21 /436000 |
| | 268000 (ഗുണഭോക്തൃ വിഹിതം) | 134000 (ഗുണഭോക്തൃ വിഹിതം) | |
| 104/21, ഗ്രോബാഗ് വാങ്ങൽ (എസ് സി) | 306000 (വികസനഫണ്ട് -എസ് സി പി) | 102000 (വികസനഫണ്ട് -എസ് സി പി) | 15/20-21/ 24.02.21-75000, 17/20-21/ 29.03.21-27000 |
| | 102000 (ഗുണഭോക്തൃ വിഹിതം) | 34000 (ഗുണഭോക്തൃ വിഹിതം) | ചെക്ക്നം.- 0733628/ 19.02.21-25000, 0733638/ 17.03.21-9000 |

മേൽ പദ്ധതികൾ പ്രകാരം പൊതുവിഭാഗത്തിലെ 268 പേർക്കും എസ് സി വിഭാഗത്തിലെ 68 പേർക്കും 75% സബ്സിഡിയോടെ 25എണ്ണം വീതം (ആകെ 8400എണ്ണം) ഗ്രോബാഗുകൾ നൽകിയിട്ടുണ്ട്. ഗ്രോബാഗ് (പോട്ടിംഗ് മിക്സ്ചർ സഹിതം) നിർമ്മാണത്തിനായി പഞ്ചായത്തിലെ കാർഷിക കർമ്മസേനയെ ഏൽപ്പിക്കുകയും കർമ്മസേനയ്ക്ക് 2020-21-ൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ രജിസ്റ്റേർഡ് കർമ്മസേനയായ ഹരിതം എ ഗ്രേഡ് ക്ലസ്റ്ററിന്റെ കീഴിൽ പ്രവർത്തി നടത്തുകയുമാണ് ചെയ്തിരിക്കുന്നത്. ഹരിതം എ ഗ്രേഡ് ക്ലസ്റ്റർ സമർപ്പിച്ച ചെലവുരേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവു തുക |
|---|---|---|
| 1 | ലേബർ ചാർജ് | 97585 |
| 2 | ട്രാൻസ്പോർട്ടേഷൻ ചാർജ് | 38400 |
| 3 | സോയിൽ ചാർജ് | 60000 |
| 4 | ചാണകപ്പൊടി | 24400 |
| 5 | ഗ്രോബാഗ് & തൈകൾ, (ഇൻവോയ്സ്.നം-B-127/25.03.21) | 18786 |
| 6 | ഗ്രോബാഗ്, തൈകൾ, ജൈവവളം, മുതലായവ (ഇൻവോയ്സ്.നം - B-116/24.02.21) | 329380 |
| 7 | സൂപ്പർവൈസറി ചാർജ് | 5449 |
| | ആകെ | 574000 |

എന്നാൽ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഹരിതം എ ഗ്രേഡ് ക്ലസ്റ്ററിന്റെ ഇൻവോയ്സുകൾ പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | ഗ്രോബാഗുകളുടെ എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 3/20-21/15.03.21 | 450 | 80 | 36000 |

| | | | |
|---|---|---|---|
| 2/20-21/17.02.21 | 1250 | 80 | 100000 |
| 1/20-21/15.03.21 | 6700 | 80 | 536000 |
| ആകെ | 8400 | 80 | 672000 |

ഇൻവോയ്സ് പ്രകാരമുള്ള തുക 672000രൂ ഹരിതം എ ഗ്രേഡ് ക്ലസ്റ്ററിന്റെ കേരള ഗ്രാമീൺ ബാങ്ക്, കുറ്റനാട് ശാഖയിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 40704101025963- KLGB0040704) നൽകിയിരിക്കുന്നു.

ഗ്രോബാഗ് വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. കാർഷിക കേന്ദ്ര, കുമ്പിടി, തൃത്താലയുടെ ഇൻവോയ്സ് നം-B-127/25.03.21, ഇൻവോയ്സ് നം-B-116/24.02.21 എന്നിവ പ്രകാരം 17രൂ നിരക്കിൽ പോട്ടിംഗ് മിക്സ്ചർ നിറയ്ക്കുന്നതിനായി ആകെ 8650 ഗ്രോബാഗുകൾ വാങ്ങിയിരിക്കുന്നു. എന്നാൽ പോട്ടിംഗ് മിക്സ്ചർ നിറച്ച് വിതരണം ചെയ്തിരിക്കുന്നത് 8400 ബാഗുകളാണ്.

2. ചെലവുരേഖകൾ പ്രകാരം 8400 പോട്ടിംഗ് മിക്സ്ചർ നിറച്ച ബാഗുകൾക്ക് ആകെ 574000രൂപയാണ് ചെലവു വന്നിരിക്കുന്നത്. എന്നാൽ വൗച്ചറിനോടൊപ്പം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട (ഒരു ഗ്രോബാഗിന് 80രൂപ നിരക്കിൽ) മുഴുവൻ തുകയായ 672000രൂപയും ചെലവുരേഖകൾ പരിശോധിക്കാതെ ഹരിതം എ ഗ്രേഡ് ക്ലസ്റ്ററിന് നൽകിയിരിക്കുന്നു.

വിഷയം ഓഡിറ്റ് അന്വേഷണം 5/17.12.21 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് പോട്ടിംഗ് മിക്സചർ നിറക്കുന്ന സമയത്ത് ഗ്രോബാഗിന് കേടുപാടുകൾ വന്നതിനാൽ അധികമായി 250 എണ്ണം ഉപയോഗിക്കേണ്ടിവന്നു എന്നും ഗ്രോബാഗ് നിർമ്മാണത്തിനായി കാർഷിക കർമ്മസേനയ്ക്ക് അധികം നൽകിയ തുക 98000രൂ ഹരിതം എ ഗ്രേഡ് ക്ളസ്റ്ററിന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതാണെന്നും ആയത് പഞ്ചായത്തിൽ തിരിച്ചടക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി.

8400 പോട്ടിംഗ് മിക്സ്ചർ നിറച്ച ഗ്രോബാഗുകൾക്ക് ആകെ വന്ന ചെലവ് 574000രൂ ആണെന്നിരിക്കെ കർമ്മസേനയ്ക്ക് 98000രൂ അധികം നൽകിയിരിക്കുന്നു. ഗ്രോ ബാഗിന്റെ യഥാർത്ഥ ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| 8400 ഗ്രോ ബാഗുകൾക്കുള്ള യഥാർത്ഥ ചെലവ് | 574000രൂ |
| ഒരു ഗ്രോ ബാഗിനുള്ള ചെലവ് | 68രൂ |
| ഒരു ഗ്രോ ബാഗിന് വികസനഫണ്ടിൽ നിന്നുമുള്ള ചെലവ് | 51രൂ (75% Of68) |
| ഒരു ഗ്രോ ബാഗിന് ഗുണഭോക്തൃ വിഹിതം | 17രൂ |

വികസന ഫണ്ട് - പൊതുവിഭാഗം, വികസന ഫണ്ട് - എസ് സി പി എന്നിവയിൽ നിന്നുമുള്ള അധിക ചെലവിന്റെ വിശദാംശം ഉപഖണ്ഡികകളായി ചേർക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും അധികമായി വാങ്ങിയ 250 ഗ്രോബാഗുകൾ ഉപയോഗിക്കാത്തതിന്റെ വിവരം കാർഷിക കർമ്മസേനയിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.

1-23(1) വികസനഫണ്ട് -ജനറലിൽ നിന്നുമുള്ള അധിക ചെലവ്

ഒരാൾക്ക് 25എണ്ണം വീതം 268 ഗുണഭോക്താക്കൾക്കായി ആകെ 6700 ഗ്രോബാഗുകളാണ് വാങ്ങിയിരിക്കുന്നത് .

| ഗ്രോ ബാഗിനുള്ള യഥാർത്ഥ ചെലവ് | കാർഷിക കർമ്മസേനയ്ക്ക് നൽകിയ തുക | വ്യത്യാസം | വികസനഫണ്ടിൽ നിന്നും അധികം നൽകിയ തുക | ഗുണഭോക്തൃ വിഹിതമായി അധികം വാങ്ങിയ തുക |
|---|---|---|---|---|
| 6700x68=455600 | 6700x80=536000 | 80400 | 60300 | 20100 |

അധികമായി കാർഷിക കർമ്മസേനയ്ക്ക് നൽകിയ തുക 80400രൂ തിരികെ ഈടാക്കേണ്ടതും 75% ആയ 60300രൂ സർക്കാരിലേക്ക് അടവാക്കേണ്ടതും 25% ഗുണഭോക്തൃവിഹിതം 20100രൂ ഗുണഭോക്താക്കൾക്ക്

തിരികെ നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-23(2) വികസനഫണ്ട് -എസ് സി പി യിൽ നിന്നുമുള്ള അധിക ചെലവ്

68 ഗുണഭോക്താക്കൾക്കായി ഒരാൾക്ക് 25എണ്ണം വീതം ആകെ 1700 ഗ്രോബാഗുകളാണ് വാങ്ങിയിരിക്കുന്നത് .

| ഗ്രോ ബാഗിനുള്ള യഥാർത്ഥ ചെലവ് | കാർഷിക കർമ്മസേനയ്ക്ക് നൽകിയ തുക | വ്യത്യാസം | വികസനഫണ്ടിൽ നിന്നും അധികം നൽകിയ തുക | ഗുണഭോക്തൃ വിഹിതമായി അധികം വാങ്ങിയ തുക |
|---|---|---|---|---|
| 1700x68=115600 | 1700x80=136000 | 20400 | 15300 | 5100 |

അധികമായി കാർഷിക കർമ്മസേനയ്ക്ക് നൽകിയ തുക 20400രൂ തിരികെ ഈടാക്കേണ്ടതും 75% തുകയായ 15300രൂ സർക്കാരിലേക്ക് അടവാക്കേണ്ടതും 25% ഗുണഭോക്തൃവിഹിതം 5100രൂ ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-24 വിവാഹ ധനസഹായം - അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് -36/21, പട്ടികജാതിക്കാരായ സാധുക്കളുടെ പെൺമക്കൾക്ക്

അടങ്കൽ -255000 (വികസന ഫണ്ട് -SCP)

ചെലവ് -2475000 (വികസന ഫണ്ട് -SCP)

ബിൽ നമ്പർ - 16/20-21/ 29.01.21 (75000രൂ)

17.09.18-ലെ സ.ഉ(കൈ)നം.2438/2018/തസ്വഭവ പ്രകാരം വിവാഹധനസഹായത്തിനുള്ള അപേക്ഷ 180 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. കാലപരിധിയ്ക്കകം അപേക്ഷിക്കാത്ത കേസുകളിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ ധനസഹായം നൽകാവുന്നതാണ്. 2020-21-ൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ പദ്ധതിയുടെ ഗുണഭോക്താവായ സന്ധ്യ ഒ സി (D/o.ശാന്ത പി പി, ഓണപറമ്പിൽ ഹൗസ്, കോതച്ചിറ)-യുടെ വിവാഹം നടന്നിരിക്കുന്നത് 28.01.18-നാണ്. ഗുണഭോക്താവ് അപേക്ഷ സമർപ്പിച്ച തീയതിയോ പഞ്ചായത്തിൽ അപേക്ഷ കൈപ്പറ്റിയ തീയതിയോ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മേൽപദ്ധതിയിലുൾപ്പെടുത്തി ടിയാരിയ്ക്ക് വിവാഹധനസഹായമായി 75000രൂ നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (22/27.12.21) നൽകിയതിന്, ഓഫീസ് ഷിഫ്റ്റിംഗ് സമയത്ത് ലഭ്യമായ അപേക്ഷ യഥാസമയം ഇൻവേർഡ് നമ്പർ ഇടാനും ധനസഹായം അനുവദിക്കാനും കഴിയാതെ വരുകയും ചെയ്തുവെന്നും വിഷയം ഭരണസമിതി ചർച്ച ചെയ്ത് യഥാസമയം സമർപ്പിക്കപ്പെട്ട അപേക്ഷയായതിനാൽ ധനസഹായം അനുവദിക്കുവാൻ തീരുമാനമെടുക്കുകയും (28.10.2020-ലെ 1/14-ാം നമ്പർ തീരുമാനം) അതിന്റെ അടിസ്ഥാനത്തിൽ സന്ധ്യ. ഒ. സി- യ്ക്ക് ധനസഹായം നൽകുകയും ചെയ്തുവെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.

ലഭ്യമാകുന്ന അപേക്ഷകളിൽ യഥാസമയം നടപടിയെടുക്കേണ്ടതും ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം നഷ്ടപ്പെട്ട് പോവാതിരിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ലഭ്യമാകുന്ന അപേക്ഷകളിൽ പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പാലിക്കേണ്ടതും സമയപരിധിയ്ക്കകം സമർപ്പിക്കപ്പെടാത്തവയിൽ മേൽ ഉത്തരവു പ്രകാരം ജില്ലാകളക്ടറുടെ അനുമതിയ്ക്കു വിധേയമായി ധനസഹായം നൽകേണ്ടതുമാണ്.

1-25 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല

അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി ഐശ്വര്യശ്രീ അമൃതം ഫുഡ്സ്, നെല്ലിക്കാട്ടിരി, കുറ്റനാട്- കുടുംബശ്രീ യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ

ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 18/21 | അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പരിപാടി | 2200000 (700000- വികസന ഫണ്ട്, 500000- കേന്ദ്രാവിഷ്കൃത ഫണ്ട്, 1000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 2200000 (700000- വികസന ഫണ്ട്, 500000- കേന്ദ്രാവിഷ്കൃത ഫണ്ട്, 1000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| 63/21 | അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പരിപാടി (എസ്.സി.പി) | 600000 (500000- വികസന ഫണ്ട് എസ്.സി.പി, 100000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 600000 (500000- വികസന ഫണ്ട് എസ്.സി.പി, 100000- കേന്ദ്രാവിഷ്കൃത ഫണ്ട്) |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. എന്നാൽ മേൽപദ്ധതികളിൽ 2% ടി.ഡി. എസ് ഈടാക്കാതെയാണ് താഴെ ചേർക്കുന്ന ഇൻവോയ്സുകളിൽ സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 871/10.04.20 | 76860 |
| 2 | 884/19.05.20 | 87570 |
| 3 | 872/17.07.19 | 87570 |
| 4 | 842/ 17.07.20 | 96600 |
| 5 | 879/20.08.20 | 124705 |
| 6 | 888/25.09.20 | 104160 |
| 7 | 905/25.10.20 | 125930 |
| 8 | 529/20.11.20 | 104790 |

ഓഡിറ്റ് അന്വേഷണം (18/23.12.21) നൽകിയതിന് സപ്ളെയർ ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയുണ്ടായി. ഇതിൽ മേൽപ്പറഞ്ഞ ഇൻവോയ്സ് പ്രകാരമുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ വാങ്ങലുകളിൽ നിയമാനുസൃതമായുള്ള നികുതി തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതുമാണ്.

1-26 ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

അങ്കണവാടികളിൽ വിതരണത്തിനായി അമൃതം ഫുഡ്സ് വാങ്ങിയിരിക്കുന്നത് ഐശ്വര്യശ്രീ അമൃതം ഫുഡ്സ്, നെല്ലിക്കാട്ടിരി, കുറ്റനാട്- കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ്. മേൽ നിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യമിശ്രിതം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ഓഡിറ്റ് അന്വേഷണം (26/13.10.21)മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ 2019-20, 20-21 കാലയളവിൽ പരിശോധനയ്ക്കായി ചെന്നൈയിലുള്ള റീജനൽ ക്വാളിറ്റി കൺട്രോൾ ലാബിലേക്ക് അയച്ച ഭക്ഷ്യ സാംപിളുകൾ അവിടെ നിന്നും തിരിച്ചയച്ചുവെന്നും പരിശോധനയ്ക്ക് അയയ്ക്കേണ്ടുന്ന ലാബുകളുടെ വിവരങ്ങൾ ലഭ്യമായതിനു ശേഷം മാത്രം ഫുഡ് സാംപിളുകൾ പരിശോധനയ്ക്കായി അയക്കേണ്ടതുള്ളൂ എന്ന് വനിത-ശിശു വികസന ഡയറക്ടറുടെ കത്ത് ലഭിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-27 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇവയുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 11/22.12.2021 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 27 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 24 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 3 (ഒരെണ്ണത്തിന് വാടകയില്ല) |
| 4 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | - |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 12 |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 4 |
| 7 | ടോയ് ലെറ്റ് ഇല്ലാത്തവ | 3(ഉപയോഗ ശൂന്യം) |
| 8 | ബേബി ഫ്രന്റ് ലി ടോയ് ലെറ്റ് ഇല്ലാത്തവ | 27 |

27 അങ്കണവാടികളിൽ ഒരെണ്ണത്തിലും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റില്ല. ടോയ്‌ലറ്റ് ഉപയോഗശൂന്യമായ മൂന്ന് അങ്കണവാടികളും നിലവിലുണ്ട്. സർക്കുലർ നം. 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ചുറ്റുമതിൽ, ടോയ് ലറ്റ് എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ഇവ നിർമ്മിക്കുന്നതിനും കുടിവെള്ള കണക്ഷൻ ഇല്ലാത്തവക്ക് ആയത് ലഭ്യമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി

ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ഇനത്തിൽ നാളിതു വരെ ചെലവഴിക്കാത്ത തുക പ്രയോജനപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കോള്ളേണ്ടതുമാണ്. ഇതിലേക്ക് ഭരണ നിർവഹണ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 ലൈഫ് ഭവനം- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) യുടെ രണ്ടാം ഘട്ടത്തിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | എഗ്രിമെന്റ് തീയതി |
|---|---|---|
| സുഹറ മൊയ്തീൻ, കോലത്താഴത്ത് , പെരിങ്ങോട് | 260000 | 16.11.18 |
| നബീസ, മാമ്പുള്ളിഞാലിൽ, പെരിങ്ങോട് | 100000 | 19.11.18 |

വീടുപണി പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 20/23.12.21 നൽകിയതിന് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം അല്ലെന്നും ഭരണസമിതിയുടെ 12.11.2021-ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെന്നും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്തോക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക എഗ്രിമെന്റ് വ്യവസ്ഥകൾക്കനുസൃതമായി തിരികെ ഈടാക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-29 കെ.എസ്.ഇ.ബി.ൽ നിന്നും ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | SO102/21 |
| പേര് | അപായകരമായ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. |
| അടങ്കൽ | 1,50,000/- (തനത് ഫണ്ട്) |

ഈ പ്രൊജക്റ്റ് പ്രകാരം തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന പ്രകാരം KSEB സെക്ഷനുകളിലേക്ക് തുകകൾ കൈമാറിയിട്ടുണ്ട് :

| KSEB സെക്ഷൻ | അക്കൗണ്ട് നം. | തുക |
|---|---|---|
| പെരിങ്ങോട് | 0570659787 | 19,515/- |
| കൂട്ടുപാത | 67216051782 | 10,259/- |
| പെരിങ്ങോട് | 057063259787 | 47,842/- |
| ആകെ | | 77,616/- |

തനത് ഫണ്ടിൽ നിന്നും NEFT മുഖേന കൈമാറിയ 77,616/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ 21.12.2021 ലെ അന്വേഷണ നം.9 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കുകയുണ്ടായില്ല.

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-30 ജല അതോറിറ്റിയിൽ നിന്നും ധനവിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്

2020-2021 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രൊജക്റ്റ് നം. | S00228/21 |
| പേര് | അങ്കണവാടികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും, സ്ഥാപിക്കലും. |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - 1,30,000/- |
| ബിൽ നം./തീയതി | ചെലവ് |
| 2/2020-2021 /13/05/2020 | 1,30,000/- |

പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂരിലെ KWA യുടെ 67150213827 എന്ന അക്കൗണ്ട് നമ്പറിലേക്ക് പദ്ധതി വിഹിതം കൈമാറിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കുകയുണ്ടായില്ല.(27.12.2021 ലെ അന്വേഷണ നം.21). പദ്ധതി വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-31 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.

2019-2020 സാമ്പത്തിക വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവിനങ്ങൾ ഉണ്ടായിട്ടില്ല.

2020-2021 സാമ്പത്തിക വർഷത്തിൽ കോവിഡുമായി ബന്ധപ്പെട്ട വരവുകൾ താഴെ ചേർക്കുന്നു :

വരവുകൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 മാർച്ച് 28 തീയതി മുതൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയുണ്ടയി.17.05.2020 വരെ നീണ്ട് നിന്ന പ്രസ്തുത പദ്ധതി വഴി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗതികൾക്കും, നിരാലമ്പർക്കും ഭക്ഷണം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് ലോക്ക്ഡൗൺ മൂലം ബുദ്ധിമുട്ടുന്നവർക്കായി കമ്മ്യൂണിറ്റി കിച്ചൻ 28.03.2021 മുതൽ 17.05.2021 വരെ ജനകീയ അടുക്കളയായി പ്രവർത്തിച്ച് വന്നിട്ടുണ്ട്. നടത്തിപ്പിനാവശ്യമായ വിറക്, പച്ചക്കറി പലചരക്ക് തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിന് ആകെ 42,108/- രൂപ ചെലവ് വന്നിട്ടുണ്ട്.

പൊതു ജനങ്ങളിൽ നിന്നും സംഭാവനയായി 62,681/- രൂപയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 50,000/- രൂപയും ചേർത്ത് 1,12,681/- വരവായി പഞ്ചായത്തിന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

ചെലവുകൾ

1)പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ജനകീയ അടുക്കളയുടെ നടത്തിപ്പിനായി 39,195/- രൂപ ചെലവ് വന്നിട്ടുണ്ട്.

2)കോവിഡ് ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ്, നൊട്ടീസ് വിതരണം, ബാനറുകൾ എന്നിവയ്ക്കായി 60,775/- രൂപ ചെലവായിട്ടുണ്ട്.

3)ആന്റിജൻ ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിനും, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കോവിഡ് ടെസ്റ്റ് ക്യാമ്പുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 2,09,701/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിന് 20,475/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4)വിവിധ സ്ഥലങ്ങളിൽ നിന്നും എത്തുന്ന കോവിഡ് ബാധിതരെ ക്വാറന്റൈനിൽ താമസിപ്പിക്കുന്നതിനായി ശ്രീപതി എഞ്ചിനീയറിംഗ് കോളജ് ബോയ്സ് ഹോസ്റ്റൽ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററായി ഏറ്റെടുത്തിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിൽ ശുചീകരണ പ്രവൃത്തനങ്ങൾ നടത്തുന്നതിനായി 19,530/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വൈദ്യുത ബിൽ തുക 4,133/- രൂപയാണ്.

5)കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി ഏറ്റെടുത്ത ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, തെക്കെ വാവന്നൂർ എന്ന സ്ഥാപനത്തിന്റെ ശുചീകരണം, CFLTC സജ്ജീകരണം, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 53126/- രൂപ ചെലവഴിച്ചിട്ടുണ്ട്.

6)പഞ്ചായത്തിന്റെ പരിധിയിലെ അതിഥി തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തതിന്റേയും വകയിൽ 6,00/- രൂപ ചെലവായിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ കോവിഡ് സംബന്ധിച്ച് ആകെ 4,07,535/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

## 1-32 സാമൂഹ്യ സുരക്ഷാ പെൻഷൻ.

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് സർക്കാർ നല്കുന്ന ധനസഹായമാണ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ. വിശദവിവരങ്ങൾ :

| ക്രമ നം. | സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗം | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 01 | കർഷക തൊഴിലാളി പെൻഷൻ | 1,600 | 307 |
| 02 | വർദ്ധക്യകാല പെൻഷൻ | 1,600 | 2788 |
| 03 | ഡിസബിലിറ്റി പെൻഷൻ | 1,600 | 370 |
| 04 | അവിവാഹിത പെൻഷൻ | 1,600 | 173 |
| 05 | വിധവ പെൻഷൻ | 1,600 | 1346 |

1)കർഷക തൊഴിലാളി പെൻഷൻ

സർവീസ് കോപ്പറേറ്റീവ് ബാങ്ക് വഴി വിതരണം ചെയ്യാൻ കഴിയാതെ വരുമ്പോഴും, ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരവും, സേവന സിവിൽ രജിസ്ട്രേഷൻ പ്രകാരവും ലഭ്യമാക്കിയ മരണപ്പെട്ട വിവിധ ബാച്ചുകളിലെ പെൻഷനർമാരുടെ പേര് വിവരങ്ങൾ ലഭ്യമാവുമ്പോൾ ഡാറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്ത് വരുന്നുണ്ട്.

2)വാർദ്ധക്യകാല പെൻഷൻ

സേവന സിവിൽ രജിസ്ട്രേഷൻ പ്രകാരം മരണപ്പെട്ടവരുടെ വിവരം ലഭ്യമാവുമ്പോൾ അനർഹരായി പരിഗണിച്ച് പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കി വരുന്നുണ്ട്.

3)ഡിസബിലിറ്റി പെൻഷൻ

സർവീസ് കോപ്പറേറ്റീവ് ബാങ്ക് വഴി വിതരണം ചെയ്യാൻ കഴിയാതെ വരുമ്പോഴും, ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരവും, പെൻഷനർമാരെ ഡാറ്റാ ബേസിൽ നിന്നും സസ്പെൻഡ് ചെയ്ത് വരുന്നുണ്ട്.

4)അവിവാഹിത പെൻഷൻ

പെൻഷൻ വിതരണം ചെയ്യുമ്പോൾ SCB മുഖേന പെൻഷനർമാരുടെ മരണം വിവരം ലഭ്യമാവുന്ന മുറയ്ക്ക് പെൻഷനർമാരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കി വരുന്നുണ്ട്.

5)വിധവ പെൻഷൻ

വിധവകൾ പുനർ വിവാഹം ചെയ്യുന്ന സാഹചര്യങ്ങളിലും, പെൻഷനർ മരണപ്പെടുന്ന സന്ദർഭങ്ങളിലും ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണവും, SCB മുഖേന പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലും പെൻഷനർമാരെ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്ത് വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ 23.09.2020 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.97/2020 പ്രകാരം നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-33 കുടിവെള്ള പദ്ധതികളുടെ പരിപാലനം.

പഞ്ചായത്തിന്റെ അധീനതയിലുള്ള കുടിവെള്ള വിതരണം കാര്യക്ഷമവും, ഫലപ്രദവുമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനായി പഞ്ചായത്ത് തലങ്ങളിലുള്ള നടപടിക്രമങ്ങളിൻ മേൽ ഓഡിറ്റ് സ്വീകരിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥനത്തിൽ തെളിഞ്ഞ വിവരങ്ങൾ താഴെ ചേർക്കുന്നു :(16.12.2021 ലെ അന്വേഷണ നം.3)

കുടിവെള്ള പദ്ധതികൾ

പഞ്ചായത്തിന്റെ അധീനതയിൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെയില്ല. കുടിവെള്ള പദ്ധതികൾ എല്ലാം തന്നെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ളതാണ്.

പൊതു ടാപ്പുകളിലൂടേയുള്ള ജല വിതരണം .

കേരള ജല അതോറിറ്റി പരിപാലിക്കുന്ന 279 പ്രവർത്തനക്ഷമമായ പൊതുടാപ്പുകളിലൂടേയുള്ള ശുദ്ധ ജല വിതരണത്തിന്റെ ചെലവ് പഞ്ചായത്താണ് വഹിക്കുന്നത്. 2019-2020ൽ 14,29,672/- രൂപയും 2020-2021 സാമ്പത്തിക വർഷത്തിൽ 15,59,256 രൂപയും പൊതുടാപ്പുകളിലൂടേയുള്ള ജല വിതരണത്തിനായി KWA യിലേക്ക് പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

സംയുക്ത പരിശോധന .

പഞ്ചായത്ത് അധികൃതർ K.W.A.യിലെ ഉദ്യോഗസ്ഥരുടെ കൂടെ സംയുക്തമായി പരിശോധന പൂർത്തികരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്.നാളിത് വരെ ലഭ്യമായിട്ടില്ല.

മീറ്ററിംഗ് സംവിധാനം .

പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നടപ്പ് വർഷത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പൊതുടാപ്പുകൾ പൂർണ്ണമായി ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

ജല സ്രോതസ്സുകളുടെ സംരക്ഷണം .

പഞ്ചായത്തിലെ പരമ്പരാഗത ജല സ്രോതസ്സുകളുടെ സംരക്ഷണം പഞ്ചായത്ത് ഉറപ്പ് വരുത്തുന്നുണ്ട്.പൊതു കുളം, കിണർ, തോട് എന്നിവയുടെ സംരക്ഷണത്തിന് വേണ്ടി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)പൊതു ടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന് വെള്ളക്കരം അടവാക്കുന്നതിന് മുമ്പ് സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

3)വെള്ളക്കരത്തിൽ കുടിശ്ശിക അടവാക്കേണ്ട സാഹചര്യത്തിൽ KWA യുമായി തീർപ്പ് ഉണ്ടാക്കണം.മുൻ കാലങ്ങളിലെ കണക്കുകൾക്കുള്ള തെളിവുകൾ ഹാജരാക്കുവാൻ ജല അതോറിറ്റിയോട് ആവശ്യപ്പെടാവുന്നതാണ്.

4)വെള്ളക്കരത്തിൽ അധിക ചാർജ്ജ്/ഇരട്ടി അടവ്, പൊതു ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം എന്നിവ സംബന്ധിച്ച് പരാതി ലഭിച്ചാൽ എ.ഇ.യുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനും, പഞ്ചായത്തിലെ ഉദ്യോഗസ്ഥനേയും ചേർത്തി സംയുക്ത പരിശോധനയക്കായി ചുമതലപ്പെടുത്തണം.

തുടർ നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-34 തെരുവ് വിളക്കുകളുടെ പരപാലനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ക്രമ നം. 15 പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. വിദ്യുച്ഛക്തിയും, ഊർജ്ജവും എന്ന മേഖലയിലും പ്രസ്തുത ചുമതല ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീട്ട് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

പഞ്ചായത്ത് പരിപാലിച്ച് വരുന്ന രജിസ്റ്ററുകൾ (16.12.2021 ലെ അന്വേഷണ നം.2)

ഗ്രാമ പഞ്ചായത്തിൽ സ്ട്രീട്ട് ലൈറ്റ് രജിസ്റ്ററും, സാധന സാമഗ്രികൾക്കുള്ള പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്. ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും ഒഴിവാക്കി മാറ്റുന്നത് രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിക്കുന്നില്ല. പരാതി രജിസ്റ്റർ ഓഡിറ്റിന് സമർപ്പിക്കുകയുണ്ടായില്ല.

KSEB യുമായുള്ള സംയുക്ത പരിശോധന

പഞ്ചായത്ത് അധികൃതരും, KSEB യുമായി 2019 നവമ്പർ മാസം സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.

2019-2020 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ 12,02,090/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ 11 ,82,710/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നത് KSEB യുടെ ടാരിഫ് റേറ്റ് പ്രകാരമാണ്.

സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ തരവും, എണ്ണവും സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു :

| തെരുവ് വിളക്കുകളുടെ വിവരം | എണ്ണം | വൈദ്യുതി ചാർജ്ജ് |
|---|---|---|
| ഓർഡിനറി ബ്ലബ് 40 W | 203 | 14,819/- |
| ഫ്ലോറസന്റ് ട്യൂബ് ഫിറ്റിംഗ്സ് | 70 | 5,110/- |
| ഫ്ലോറസന്റ് ട്യൂബ് ഫിറ്റിംഗ്സ്(ഡബിൾ) | 305 | 44,835/- |
| CFL സിംഗിൾ | 35 | 630/- |
| SVL 250 W | 14 | 6,888/- |
| CFL ഡബിൾ 2x11 | 255 | 8,925/- |
| CFL 85 W | 79 | 10,902/- |
| ആകെ | 961 | 92,109/- |

തെരുവ് വിളക്കുകൾക്കുള്ള അറ്റകുറ്റ പണികൾ .

KSEB യുമായി ചർച്ച ചെയ്യാതെയാണ് അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നത്. പ്രൊജക്ടുകൾ അവിഷ്ക്കരിച്ച് ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്യുന്ന ടെണ്ടറുകൾ അംഗീകരിച്ചാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിച്ച് വരുന്നത്. പരാതികൾ സമർപ്പിച്ച് 7 ദിവസത്തിനുള്ളിൽ പരിശോധിച്ച് അടുത്ത 7 ദിവസത്തിനുള്ളിൽ പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ഉപയോഗ ശൂന്യമായ വൈദ്യുതോപകരണങ്ങൾ തിരിച്ചേൽപ്പിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. രജിസ്റ്റർ ഫോർ അൺസർവ്വീസബിൾ ഐറ്റംസും, പരാതി രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററുകൾ ഓഡിറ്റിന് സമർപ്പിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
2. 7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്ക്കർഷിക്കുന്നു. മീറ്റർ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.
3. 2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രാരം ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി KSEB യിൽ നിന്നും സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവാക്കേണ്ടതുമാണ്.
4. വൈദ്യുതി ഉപഭോഗം കൂടുതലായ ബൾബുകൾ ഒഴിവാക്കി പരിസ്ഥതിക്ക് ഹാനികരമല്ലാത്തതും, വില്പനാനന്തര സേവനങ്ങൾ ഉറപ്പ് വരുത്തി ഊർജ്ജം കുറവായി ഈടാക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഉപയോഗിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-35 മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി.

2020-2021 സാമ്പത്തിക വർഷത്തിൽ മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 4028 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്.തൻ വർഷം 1,415 പദ്ധതികൾക്ക് 11,116,4,000 രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.346

കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്.870 കുടംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ട് വരുകയും, ഇവർക്കെല്ലാം തന്നെ തൊഴിൽ നൽകിയിട്ടുമുണ്ട്.

2020-21 ൽ ആകെ 267 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.ആയതിൽ 244 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ ഉൾപ്പെടുന്ന 125 പ്രവൃത്തികൾക്ക് 7315712മെറ്റീരിയൽസ് ചെലവായി വന്നിട്ടുണ്ട്. തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 27437357 രൂപയും തൻവർഷത്തെ ചെലവ് 27437357 രൂപയുമാണ്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ട്.

തൊഴിൽ സ്ഥലങ്ങളിൽ അപകടങ്ങൾ ഒന്നും തന്നെ സാമ്പത്തിക വർഷത്തിൽ നടന്നിട്ടില്ല.തൻ വർഷം 255 സ്ഥിര ആസ്തികളാണ് സൃഷ്ടിച്ചിട്ടുള്ളത്.

ഓക്ടോബർ 2020 ലാണ് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യങ്ങൾക്കായി ആസ്തികളൊന്നും സൃഷ്ടിച്ചിട്ടില്ല.

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് - ജല സംരക്ഷണം | 22 | 38.66 |
| വരൾച്ച തടയൽ, വനവത്കരണം | 16 | 15.12 |
| ചെറുകിട ജലസേചനം | 9 | 6.86 |
| പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികാസം | 142 | 121.84 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | - | - |
| ഭൂവികസനം | 36 | 28.88 |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവൃത്തനങ്ങൾ | 42 | 50.28 |
| മറ്റ് ചെലവുകൾ | - | 12.73 |
| ആകെ | 167 | 274.37 |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് മനസ്സിലാക്കുന്നു.

## 1-36 കരാർ ഒപ്പുവെക്കാൻ കാലതാമസം നേരിട്ടിട്ടും പിഴ ഈടാക്കാത്തത്

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 21 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ

റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2019-20വർഷത്തിൽ കാരാർ ഒപ്പുവെച്ച് 2020-21 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർഭരണ സമിതി അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ചതിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 292/21(245/20): വാവന്നൂർ ചെറുപാൽപ്രം റോഡ് ടൈൽ വിരിക്കൽ<br>കരാറുകാരൻ : സെയ്ത് മുഹമ്മദ്. ടി.എ<br>അടങ്കൽ=400,000 (MG[R])<br>PAC: 356,590/-<br>Amount Of Contract: 356,590/- | 1.2.2020 തീരുമാനം 3(1) | 21.02.2020 | എഗ്രിമെന്റ് നം.104/ AE/ LSGD/NGY /19-20 തിയതി. 05.03.20 | 3,566 |
| 2 | 295/21(269/20): വാവന്നൂർ ചോറുപാൽപ്രം റോഡ് ഡ്രെയിൻ<br>കരാറുകാരൻ : മൊയ്തുണ്ണി പി.പി<br>അടങ്കൽ: 495,000 MG(R) | 1.2.2020 തീരുമാനം 3(1) | 22.2.2020 | എഗ്രിമെന്റ് നം.105/ AE/ LSGD/NGY /2019-20 തിയതി. 6.3.20 | 4,414 |

| | | | | | |
|---|---|---|---|---|---|
| | PAC: 441,446/-<br>Amount Of Contract: 441,446/- | | | | |
| ആകെ തുക | | | | 7980 | |

കരാർ വെക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.1/14.12.2021, 19(2)/23.12.2021 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ ഈടാക്കേണ്ട ₹7980/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കാത്തത്

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. പൂർത്തീകരണത്തിൽ കാലതാമസം നേരിടുമ്പോൾ പിഴ ഈടാക്കാതിരുന്ന പ്രവൃത്തിയുടെ വിവരം ചുവടെ കൊടുക്കുന്നു. സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ട് നം. 287/21 (121/20 ): മാവിൻചോട് - പയാട്ടിൽ പടി റോഡ് സൈഡ് കെട്ടി സംരക്ഷണം

| | |
|---|---|
| അടങ്കൽ | ₹300,000/- MG(R) |
| ചെലവ് തുക/ ചെക്ക് നമ്പർ | ₹263,684/-<br>19-20/4.1.20<br>₹33,286/-<br>107/12.2.21 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹296,970/-<br>741/18-19 |
| കരാർ നമ്പർ/ കരാർ തുക | 30/7.11.19<br>₹267,435/- |
| കരാറുകാരൻ | കൃഷ്ണൻ കുട്ടി. ടി.കെ |
| PAC | ₹267,435/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 6.5.2019 |
| പൂർത്തീകരിച്ച തീയ്യതി | 30.12.2020 |
| പിഴ: 7.5.19 മുതൽ 20.6.19വരെ | 267,435*1% = 2674/- |
| പിഴ: 21.7.19 മുതൽ 6.8.19 വരെ | 267,435*2% = 5349/- |
| പിഴ: ആകെ | ₹8023/- |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടത് | ₹8023/- |

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന അവസാന തീയ്യതി വരെ കരാറുകാരൻ അപേക്ഷയൊന്നും സമർപ്പിച്ചിരുന്നില്ല.

